# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 169** — **14/08/2017-ൽ മറുപടിക്ക്**

## വ്യാപകമായ പനി മരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഒ. രാജഗോപാൽ** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യാപകമായ പനി മരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| ബി) | പനി മരണങ്ങൾ തടയുന്നതിനായി എന്ത് പ്രതിരോധ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത് എന്ന് വിശദമാക്കാമോ? | ബി) | പനി മരണങ്ങൾ തടയുന്നതിനായി സ്വീകരിച്ച പ്രതിരോധ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br>• പകർച്ചവ്യാധികൾ ഉണ്ടാകുന്നത് നേരത്തേ തന്നെ കണ്ടുപിടിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി രോഗ നിരീക്ഷണവും കൊതുക് നിരീക്ഷണവും ശക്തിപ്പെടുത്തി.<br>• പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ അതാത് സമയങ്ങളിൽ ജില്ലാ- സംസ്ഥാനതല വിദഗ്ധ സമിതികൾ സന്ദർശിച്ച് രോഗപ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി.<br>• കൊതുക് സാന്ദ്രത കൂടുതലുള്ള പ്രദേശങ്ങളിലും ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിലും കൊതുകിന്റെ ഉറവിട നശീകരണം, വീടിനുള്ളിൽ കീടനാശിനി തളിക്കുക (ISS), വീടിന് പുറത്ത് കീടനാശിനി പുകയ്ക്കൽ(ഫോഗിങ്ങ്), കൂത്താടി നശീകരണത്തിനുള്ള സ്പ്രേയിംഗ് എന്നിവ ചെയ്തു വരുന്നു.<br>• സംസ്ഥാനത്ത് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സർവ്വകക്ഷിയോഗത്തിന്റെ തീരുമാനപ്രകാരം ജൂൺ 27, 28, 29 തീയതികളിൽ സംസ്ഥാന വ്യാപകമായി ശുചീകരണ യജ്ഞം നടത്തി.<br>• മെയ് 19 നും ജൂൺ 19 നും സംസ്ഥാനതല റാപ്പിഡ് റെസ്പോൺസ് ടീം (RRT) യോഗം 2 പ്രാവശ്യം കൂടി സംസ്ഥാനത്തെ പകർച്ചവ്യാധി സ്ഥിതി- |

➡

ഗതികൾ വിലയിരുത്തി.

- ജൂൺ 29 മുതൽ ജൂലൈ 3 വരെയും ജൂലൈ 17 തീയതിയിലും ആയി രണ്ട് കേന്ദ്ര വിദഗ്ധ സംഘങ്ങൾ സംസ്ഥാനത്ത് എത്തി സ്ഥിതിഗതികൾ വിലയിരുത്തുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ഈ നിർദ്ദേശപ്രകാരം കൊതുക്, കൂത്താടി നശീകരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി.

- മരുന്നുകൾ, ടെസ്റ്റുകിറ്റുകൾ എന്നിവയുടെ ലഭ്യത ഉറപ്പുവരുത്തി.

- രോഗികൾക്ക് തൃപ്തികരമായ സേവനം നൽകുവാൻ ഒ.പി സമയം ദീർഘിപ്പിച്ചു.

- മഴക്കാലപൂർവ്വ ശുചീകരണ യജ്ഞത്തിന്റെ ഭാഗമായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 2/3/2017 നും ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 6/3/2017-നും യോഗം ചേർന്ന് പകർച്ചവ്യാധി പ്രതിരോധത്തിന് വിവിധ വകുപ്പുകളുമായി ചേർന്ന് സ്വീകരിക്കേണ്ട നടപടികൾ ചർച്ച ചെയ്തു.

- ഗവ.മെഡിക്കൽ കോളേജ്, സ്വകാര്യ മെഡിക്കൽ കോളേജ് പ്രതിനിധികളുടെ യോഗം വിളിച്ചുകൂട്ടി സമയബന്ധിതമായി രോഗവിവരം റിപ്പോർട്ട് ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകി.

- ഐ.എം.എ വഴി സ്വകാര്യ മേഖലയിലെ ഡോക്ടർമാർക്ക് ഡങ്കി ചികിത്സാ മാനദണ്ഡങ്ങളെക്കുറിച്ചുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി.

- പത്ര, ദൃശ്യ, ശ്രാവ്യ മാധ്യമങ്ങൾ വഴിയുള്ള ബോധവൽക്കരണം, മൈക്ക് അനൗൺസ്മെന്റ്, ലഘുലേഖ വിതരണം, പോസ്റ്റർ, റയിൽവേസ്റ്റേഷൻ, സിനിമാ തീയേറ്റർ എന്നിവിടങ്ങളിൽ എൻ.എച്ച്.എം. - ന്റെ സഹായത്തോടെയുള്ള പകർച്ചവ്യാധി പ്രതിരോധ പ്രചരണങ്ങൾ

**സെക്ഷൻ ഓഫീസർ**